**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1058** **15-10-2026-ൽ മറുപടിയ്ക്ക്**

**പുത്തൂർ – ചെനക്കൽ ബൈപ്പാസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചിനക്കൽ ബൈപ്പാസിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റ് അംഗീകരിക്കുന്നതിന് സമർപ്പിച്ചിരുന്നു. എന്നാൽ IRC മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗ്രേഡിയന്റ് ലഭ്യമല്ലാത്തതിനാൽ CTE അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ നിർദേശിച്ചു. ഗ്രേഡിയന്റിൽ ഇളവുകൾ ആവശ്യപ്പെട്ട് കത്ത് സമർപ്പിച്ചെങ്കിലും അധിക ഭൂമി ഏറ്റെടുത്ത് ബദൽ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന CTE നിർദേശം ലഭിച്ചു. നിലവിലുള്ള അലൈൻമെന്റിൽ ഗ്രേഡിയന്റ് കറക്ഷൻ ഫലപ്രദമാവുകയില്ല. 5 കിലോമീറ്റർ ചുറ്റളവിൽ സമാന സ്വഭാവമുള്ള നാല് റോഡുകൾ ഉണ്ടെങ്കിലും അവിടെയും ഗ്രേഡിയന്റ് കറക്ഷൻ സാധിക്കുകയില്ല. ആയതിനാൽ മന്ത്രി തലത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് രൂപപ്പെടുത്തുന്നതിന് 16.07.2026-ലെ സ.ഉ (സാധാ)നം.771/2026/പൊ.മ.വ പ്രകാരം വിദഗ്ധ സമിതിയിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ധ സമിതി 2026 നവംബർ വരെ സംയുക്ത സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് ഐ.ആർ.സി. മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈമെന്റ് തയ്യാറായിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് 2026 ജൂൺ മാസം ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയുടെ ഫീസിബിലിറ്റി പഠനത്തിനും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുമായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

**മറുപടി:** കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചിനക്കൽ ബൈപ്പാസിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റ് അംഗീകരിക്കുന്നതിന് സമർപ്പിച്ചിരുന്നു. എന്നാൽ IRC മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗ്രേഡിയന്റ് ലഭ്യമല്ലാത്തതിനാൽ CTE അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ നിർദേശിച്ചു. ഗ്രേഡിയന്റിൽ ഇളവുകൾ ആവശ്യപ്പെട്ട് കത്ത് സമർപ്പിച്ചെങ്കിലും അധിക ഭൂമി ഏറ്റെടുത്ത് ബദൽ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന CTE നിർദേശം ലഭിച്ചു. നിലവിലുള്ള അലൈൻമെന്റിൽ ഗ്രേഡിയന്റ് കറക്ഷൻ ഫലപ്രദമാവുകയില്ല. 5 കിലോമീറ്റർ ചുറ്റളവിൽ സമാന സ്വഭാവമുള്ള നാല് റോഡുകൾ ഉണ്ടെങ്കിലും അവിടെയും ഗ്രേഡിയന്റ് കറക്ഷൻ സാധിക്കുകയില്ല. ആയതിനാൽ മന്ത്രി തലത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് രൂപപ്പെടുത്തുന്നതിന്

16.07.2026-ലെ സ.ഉ (സാധാ)നം.771/2026/പൊ.മ.വ പ്രകാരം വിദഗ്ധ സമിതിയിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ധ സമിതി 2026 നവംബർ വരെ സംയുക്ത സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്

**(സി)** 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് അഞ്ച് കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** വിദഗ്ധ സമിതിയുടെ സൈറ്റ് സന്ദർശനം 2026 നവംബർ വരെ നിശ്ചയിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**